©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 10
Vol. X

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2021 മാർച്ച് 23
23rd March 2021

1196 മീനം 9
9th Meenam 1196

1943 ചൈത്രം 2
2nd Chaithra 1943

നമ്പർ
No. 12

# PART III

# Fisheries Department

**ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ദക്ഷിണമേഖല) തിരുവനന്തപുരത്തിന്റെ നടപടിക്രമം**

(ഹാജർ ശ്രീ. എം. ശ്രീകണ്ഠൻ)

(1)

വിഷയം:—ഫിഷറീസ്—സഹകരണം—കള്ളിക്കാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം (ക്ലിപ്തം) നമ്പർ 3149—സമാപ്തീകരണം—ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:—ഈ ആഫീസിലെ 26-2-2015 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ എഫ്3/1405/2005(2), തീയതി 5-1-2021**

കള്ളിക്കാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 3149-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും ഫിഷറീസ് ഡെവലപ്മെന്റ് ഓഫീസർ, കാർത്തികപ്പള്ളിയെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും മേൽ പരാമർശിത ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 73 (2) എ പ്രകാരം ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി അന്തിമ സമാപ്തീകരണ റിപ്പോർട്ട് സമർപ്പിക്കുന്നതിന് അനുവദനീയമായ പരമാവധി കാലയളവ് 3 വർഷം ആണ്. എന്നാൽ ലിക്വിഡേറ്ററുടെ നിയന്ത്രണങ്ങൾക്കതീതമായ കാരണങ്ങളാൽ 5 വർഷവും 9 മാസവും കഴിഞ്ഞിട്ടും ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

മേൽ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71 (2) പ്രകാരം ടി സംഘത്തെ സമാപ്തീകരിച്ചുകൊണ്ടും ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

മേൽ സാഹചര്യത്തിൽ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71 (2) പ്രകാരം ടി സംഘത്തെ സമാപ്തീകരിച്ചുകൊണ്ടും ലിക്വിഡേഷൻ നടപടികൾ

പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിലവിലെ ഫിഷറീസ് ഡെവലപ്മെന്റ് ഓഫീസർ, കാർത്തികപ്പള്ളിയെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവായിരിക്കുന്നു.

ലിക്വിഡേറ്റർ അടിയന്തിരമായി ചുമതല ഏറ്റെടുക്കേണ്ടതും സംഘത്തിന്റെ ആസ്തികളും രേഖകളും കൈവശപ്പെടുത്തി നിയമാനുസൃത നടപടികൾ സ്വീകരിച്ചും അന്തിമ സമാപ്തീകരണ റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

ഇതേ നമ്പരായ 26-2-2015-ലെ ഉത്തരവ് പിൻവലിച്ചിരിക്കുന്നു.

(2)

വിഷയം:—ഫിഷറീസ്—സഹകരണം—കള്ളിക്കാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 3149—സമാപ്തീകരണം—ഉത്തരവ് പിൻവലിച്ചുകൊണ്ട് ഉത്തരവാകുന്നു

പരാമർശം:—ഈ ആഫീസിലെ 26-2-2015 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ എഫ്3/1405/2005(1), തീയതി 5-1-2021**

കള്ളിക്കാട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) നമ്പർ 3149-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും ഫിഷറീസ് ഡെവലപ്മെന്റ് ഓഫീസർ, കാർത്തികപ്പള്ളിയെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും മേൽ പരാമർശിത ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, ടി ഉത്തരവ് തീയതി മുതൽ 3 വർഷം കഴിഞ്ഞിട്ടും സമാപ്തീകരണ റിപ്പോർട്ട് സമർപ്പിക്കുവാൻ ലിക്വിഡേറ്ററുടെ നിയന്ത്രണങ്ങൾക്കതീതമായ കാരണങ്ങളാൽ കഴിഞ്ഞിട്ടില്ല. കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 72 പ്രകാരം നിയമിക്കപ്പെട്ട ലിക്വിഡേറ്റർ നിയമന തീയതി മുതൽ മൂന്നു വർഷ കാലാവധിക്കുള്ളിൽ അന്തിമ സമാപ്തീകരണ റിപ്പോർട്ട് സമർപ്പിക്കേണ്ടതായിട്ടുണ്ട്. ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് പരമാവധി അനുവദനീയമായ മൂന്നു വർഷ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ മേൽ പരാമർശിത ഉത്തരവിന് നിലനിൽപ്പില്ല.

മേൽ സാഹചര്യത്തിൽ ഫിഷറി ഡെവലപ്മെന്റ് ഓഫീസർ, കാർത്തികപ്പള്ളിയെ ലിക്വിഡേറ്ററായി നിയമിച്ചു കൊണ്ടുള്ള പരാമർശിത ഉത്തരവ് പിൻവലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഫിഷറീസ് ജോയിന്റ്
ഡയറക്ടറാഫീസ്, (ഒപ്പ്)
ദക്ഷിണമേഖല, ഫിഷറീസ് സഹകരണ
കമലേശ്വരം, മണക്കാട്, സംഘം രജിസ്ട്രാർ/
തിരുവനന്തപുരം. ഫിഷറീസ് ജോയിന്റ് ഡയറക്ടർ.

## ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ഉത്തരമേഖല) കോഴിക്കോടിന്റെ നടപടിക്രമം

വിഷയം:—ഫിഷറീസ്—സഹകരണം—വാക്കാട് വനിത മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (എം. ഡബ്ല്യു) 63 പ്രവർത്തനം നിർത്തൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:—1. ഫിഷറീസ് അസി. രജിസ്ട്രാർ, പൊന്നാനിയുടെ 29-7-2019-ാം തീയതിയിലെ എ. ആർ. എഫ്. 138/19 നമ്പർ കത്ത്.

2. ഈ ആഫീസിലെ 16-12-2020, 22-7-2020 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

3. എഫ്.ഡി.ഒ. ഗ്രേഡ്-1, താനൂരിന്റെ 15-10-2020-ലെ 36/20 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ എഫ്/1920/19 തീയതി, 3-2-2021**

മലപ്പുറം ജില്ലയിലെ വാക്കാട് വനിത മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (എം.ഡബ്ല്യു) 63-ൽ പുതിയ ഭരണ സമിതി തെരഞ്ഞെടുപ്പ് നടത്തുകയോ സംഘം പുനരുജ്ജീവിപ്പിക്കുകയോ ചെയ്യുന്നതിന് മുൻഭരണ സമിതി സമയ ബന്ധിതമായി യാതൊരു നടപടിയും സ്വീകരിക്കാത്തതിനെ തുടർന്ന് 1969 KCS Act വകുപ്പ് 71 പ്രകാരം സംഘം സമാപ്തീകരിക്കുന്നതിനായി സൂചന 1 പ്രകാരം ഫിഷറിസ് അസി. രജിസ്ട്രാർ പൊന്നാനി ശുപാർശ സമർപ്പിക്കുകയും പ്രസ്തുത ശുപാർശ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി സംഘത്തിൽ വകുപ്പ് 65 പ്രകാരം പരിശോധന നടത്തുന്നതിന് എഫ്.ഡി.ഒ. ഗ്രേഡ്-1, താനൂരിനെ നിയോഗിച്ച് സൂചന 2 പ്രകാരം ഉത്തരവാകുകയും, ആയതിന്റെ പരിശോധന റിപ്പോർട്ട് സൂചന 3 പ്രകാരം സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത റിപ്പോർട്ട് പ്രകാരം, മത്സ്യത്തൊഴിലാളി വനിത കളുടെ സാമൂഹിക സാമ്പത്തിക വികസനം, ക്ഷേമം എന്നിവ ലക്ഷ്യംവെച്ച് 26-10-1996-ൽ രജിസ്റ്റർ ചെയ്ത സംഘം 5-11-1996-ൽ ആദ്യയോഗം ചേർന്നതല്ലാതെ ബൈലോ പ്രകാര മുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും, 1969 KCS Act വകുപ്പ് 28 ചട്ടം 7 പ്രകാരം യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും, ബൈലോ, മറ്റ് റിക്കാർഡുകൾ എന്നിവ യൊന്നും വകുപ്പ് 65 പരിശോധനയ്ക്ക് ലഭിച്ചില്ലെന്നും, 2017-18 വർഷം വരെ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാണെന്നും എന്നാൽ സംഘം പുനരുജ്ജീവിപ്പിക്കുന്നതിന് യാതൊരു സാധ്യതയും ഇല്ലാത്തതിനാൽ വകുപ്പ് 71 (സി) പ്രകാരം സംഘം പ്രവർത്തനം നിർത്തൽ ചെയ്യുന്നതിന് വകുപ്പ് 65 പരിശോധന ഉദ്യോഗസ്ഥൻ ശുപാർശ സമർപ്പിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ സംഘം പുനരുജ്ജീവനത്തിന് യാതൊരു സാധ്യതയും ഇല്ലെന്ന് ബോധ്യമായതിനാൽ 1969 KCS Act വകുപ്പ് 3 പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് വാക്കാട് വനിത മത്സ്യത്തൊഴിലാളി

വികസന ക്ഷേമ സഹകരണ സംഘം എഫ് (എം.ഡബ്ള്യു) 63-ൽ വകുപ്പ് 71 (2) (ബി) പ്രകാരം പ്രവർത്തനം നിർത്തൽ ചെയ്തു കൊണ്ടും വകുപ്പ് 72 പ്രകാരം ലിക്വിഡേറ്റർ ആയി ഫിഷറീസ് ഡെവലപ്പ്മെന്റ് ആഫീസർ, ഗ്രേഡ്-1 താനൂരിനെ നിയോഗിച്ചു കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലിക്വിഡേറ്റർ ഉടൻ തന്നെ സംഘത്തിന്റെ ആസ്തികളുടെയും, ബാധ്യതകളുടെയും ചുമതല ഏറ്റെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതും നിയമാനുസൃത കാലാവധിയായ രണ്ട് മാസത്തിന് ശേഷം സംഘത്തിന്റെ അവസാന സമാപ്തീകരണ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഫിഷറീസ് ജോയിന്റ്
ഡയറക്ടറാഫീസ്, (ഒപ്പ്)
ഉത്തരമേഖല, ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർ/
കോഴിക്കോട്. ഫിഷറീസ് ജോയിന്റ് ഡയറക്ടർ.

---

**പരസ്യം**

നമ്പർ സി-844/2013. 2021 ഫെബ്രുവരി 15.

കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ അഴീക്കോട് നോർത്ത് അംശം ദേശത്ത് ശ്രീ. പടമാട്ടുമ്മൽ ബാബു എന്നയാളുടെ പേരിൽ പുളിക്കാൻ കടവ് രണ്ട് ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിന് മത്സ്യവകുപ്പ് അനുമതി നൽകിയിട്ടുള്ള താണ്. ശ്രീ. പടമാട്ടുമ്മൽ ബാബു 4-8-2012-ന് മരണപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത ഊന്നിവലയുടെ രജിസ്ട്രേഷനും ലൈസൻസും 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പ്രകാരം തന്റെ പേരിലേക്ക് മാറ്റി അനുവദിക്കണമെന്ന് ശ്രീ. പടമാട്ടുമ്മൽ ബാബു എന്നയാളുടെ മകളും അനന്തരാവകാശിയുമായ ശ്രീമതി ഷീബ, പി. ബന്ധപ്പെട്ട രേഖകൾ സഹിതം ഈ ഓഫീസിൽ അപേക്ഷി ക്കുകയും ആയതിന്മേൽ നടത്തിയ അന്വേഷണത്തിൽ ശ്രീമതി ഷീബ, പി. യ്ക്ക് മേൽപ്പറഞ്ഞ ഊന്നിവലകളുടെ ഉടമസ്ഥാവകാശം മാറ്റി നൽകുന്നതിന് അർഹയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ പരേതനായ ശ്രീ. പടമാട്ടുമ്മൽ ബാബു എന്നയാളുടെ പേരിൽ പുളിക്കാൻ കടവിലുള്ള രണ്ട് ഊന്നിവലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അനുമതി ശ്രീമതി ഷീബ, പി. യ്ക്ക് കൈമാറി നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിന് ആർക്കെങ്കിലും ന്യായമായ ആക്ഷേപമോ നിർദ്ദേശമോ ഉള്ളപക്ഷം ആയത് ഈ പരസ്യം പ്രസിദ്ധം ചെയ്യുന്ന ഗസറ്റ് തീയതി മുതൽ ഒരു മാസത്തിനകം പരസ്യാധികാരിയെ അറിയിച്ചിരിക്കേണ്ടതാകുന്നു. നിശ്ചിത തീയതിക്കുള്ളിൽ യാതൊരുവിധ ആക്ഷേപമോ നിർദ്ദേശമോ രേഖാമൂലം ലഭിക്കുന്നില്ലായെങ്കിൽ ഇനിയൊരറിയിപ്പുകൂടാതെ മേൽപ്പറഞ്ഞ 2 ഊന്നിവലകളുടെ അനുമതി കണ്ണൂർ ജില്ലയിൽ കണ്ണൂർ താലൂക്കിൽ അഴീക്കോട് നോർത്ത് അംശം ദേശത്ത് താമസക്കാരിയായ ശ്രീമതി ഷീബ, പി., പടമാട്ടുമ്മൽ ഹൗസ്, പി. ഒ. അഴീക്കൽ, ഹഷ്മി വായനശാലയ്ക്ക് സമീപം, കണ്ണൂർ-670 009 എന്നവരുടെ പേർക്ക് അനുവദിച്ചുകൊടുക്കുന്ന തായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ (ഒപ്പ്)
കാര്യാലയം, കണ്ണൂർ. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.